(ഡി) കേന്ദ്ര സർക്കാർ പുതിയ യുജിസി. ശമ്പളം പ്രഖ്യാപിക്കുന്ന മുറയ്ക്ക്.

(ഇ) സർക്കാർ കോളേജുകളിൽ ഉണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ ഉടനടി തന്നെ പി.എസ്.സി. വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എയ്ഡഡ് കോളേജുകളിലെ ഒഴിവുകൾ നികത്തുന്നതിനുവേണ്ടി പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അനുവദനീയമായ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 1998-2001 കാലയളവിൽ വ്യവസ്ഥകൾക്കു വിധേയമായി അനുവദിച്ച കോഴ്സുകളുടെ ജോലിഭാരം കൂടി കണക്കിലെടുത്ത് അദ്ധ്യാപക തസ്തികകൾ നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഉന്നതവിദ്യാഭ്യാസ വകുപ്പിലെ കോമൺപൂൾ ലൈബ്രേറിയൻമാരുടെ സീനിയോറിറ്റി ലിസ്റ്റ്

83 (3837) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ കോമൺപൂൾ ലൈബ്രേറിയൻമാരുടെ അവസാന സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ; സീനിയോറിറ്റി ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതുമൂലം എല്ലാ ഗ്രേഡുകളിലുമുള്ള ലൈബ്രേറിയൻമാരുടെ പ്രൊമോഷൻ നടക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കേരള കോമൺപൂൾ ലൈബ്രറി സർവ്വീസിലെയും കേരള കോമൺപൂൾ ലൈബ്രറി സബോർഡിനേറ്റ് സർവ്വീസിലെയും ലൈബ്രേറിയൻമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനായി ഇവരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതിനുശേഷം ലഭിച്ച ആക്ഷേപകളും പരാതികളും സൂക്ഷ്മ പരിശോധന നടത്തി ന്യൂനതകൾ പരിഹരിച്ചു വരികയും ചെയ്യുന്നു. അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും പ്രൊമോഷൻ നടത്തുന്നതിനും നടപടി കൈക്കൊണ്ട് വരുന്നു.

രാജപുരം സെന്റ് പയസ് എയ്ഡഡ് കോളേജിലെ അദ്ധ്യാപകരുടെ ശമ്പളം

84 (3838) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ രാജപുരം സെന്റ് പയസ് എയ്ഡഡ് കോളേജിൽ ബി.ബി.എ. കോഴ്സിൽ 2004 മുതൽ അദ്ധ്യാപകരായി ജോലി ചെയ്യുന്ന നാല് പേർക്ക് ഇതുവരെ ശമ്പളം നൽകിയിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly